പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5659 — 24.05.2017 ൽ മറുപടിയ്ക്ക്

**ഭിന്നശേഷിക്കാർക്ക് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിക്കാർ കേരളത്തിൽ ഏറ്റവും കൂടുതൽ മലപ്പുറത്താണ് എന്നതിനാൽ ഇത്തരക്കാർക്കെല്ലാം ആശ്രയിക്കാവുന്ന വിധത്തിൽ മലബാർ മേഖലയിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതു സംബന്ധിച്ച് വിശദമായ സാധ്യതാപഠനത്തിന് സാമൂഹ്യനീതി വകുപ്പിന് ചുമതല നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) ഭിന്നശേഷിക്കാർക്കായി മലപ്പുറം ജില്ലയിൽ മൾട്ടി സ്പെഷ്യലിറ്റി ആശുപത്രിയും പുനരധിവാസ കേന്ദ്രവും സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് താനൂർ. എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 50 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളത് റിപ്പോർട്ടിനായി മലപ്പുറം സാമൂഹ്യനീതി ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. |
| (സി)താനൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തായി ഇത്തരത്തിൽ ഒരു ഭിന്നശേഷി മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ സാധ്യതകൾ പരിശോധിക്കുമോ? | (സി) ഇല്ല. താനൂർ എം.എൽ.എ. ശ്രീ വി. അബ്ദുറഹിമാൻ നൽകിയ കത്തിൽ താനൂരിൽ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ സാധിക്കുമെന്നും റോഡ് വഴിയും ട്രെയിൻ വഴിയും ഭാവിയിൽ ജലഗതാഗതമായാലും എത്തിപ്പെടാൻ ഏറെ സൗകര്യപ്രദമായ പ്രദേശമാണ് താനൂർ എന്ന് സൂചിപ്പിച്ചിട്ടുള്ളതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ